കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് — എറണാകുളം ജില്ല — മുക്കന്നൂർ ഗ്രാമപഞ്ചായത്ത് - എസ്.സി. ആഡിറ്റോറിയം പണിയുന്നതിലേക്കായി മരങ്ങൾ വെട്ടി മാറ്റുന്നതിന് വാല്യവേഷൻ തുകയിലും കുറഞ്ഞ തുകയ്ക്ക് വില നിശ്ചയിച്ച നടപടി സാധൂകരിച്ച് ഉത്തരവാകുന്നു

---

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ(.സാധാ) നം..264/2016/തസ്വഭവ തീയതി, തിരുവനന്തപുരം..23.01.2016.

---

പരാമർശം: പഞ്ചായത്ത് ഡയറക്ടറുടെ 07.05.2015 തീയതിയിലെ സി1/9754/15--ാം നമ്പർ കത്ത്.

## ഉത്തരവ്

മുക്കന്നൂർ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ പുതംകുറ്റി എസ്സ്. സി. കോളനിയിൽ ഓഡിറ്റോറിയം നിർമ്മാണം ആരംഭിക്കുന്നതിനായി കോളനിയ്ക്കകത്ത് നിൽക്കുന്ന ഏഴ് മരങ്ങൾ വെട്ടി മാറ്റുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. വെട്ടിമാറ്റുന്ന മരങ്ങൾ എറണാകുളം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ 45510/- രൂപ വില നിശ്ചയിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിന്റെ 31.01.2015 ലെ 4 (6) നമ്പർ തീരുമാന പ്രകാരം ലേലം നടത്തിയെങ്കിലും നിശ്ചയിക്കപ്പെട്ട വാല്യൂവേഷൻ തുക കൂടുതലായതിനാൽ ആരും ലേലത്തിൽ പങ്ക് കൊണ്ടില്ല. തുടർന്ന് 25.2.2015, 03.03.2015 എന്നീ തീയതികളിൽ പുനർലേലം നടത്തിയെങ്കിലും ലേലം കൊള്ളാൻ ആരും തയ്യാറായില്ല. തുടർന്ന് 13.3.2015-ൽ ഗ്രാമപഞ്ചായത്ത് 4-ാം പ്രാവശ്യവും ലേലം നടത്തിയപ്പോൾ 15500/- രൂപയിൽ കൂടുതൽ ലേലം വിളി കേൾക്കുവാൻ ആരും തയ്യാറായില്ല. ആയതിന്റെ അടിസ്ഥാനത്തിൽ 20.03.2015 - ലെ 1-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് 15500/- രൂപയ്ക്ക് താൽക്കാലികമായി ലേലം ഉറപ്പിക്കുകയും പ്രസ്തുത നടപടിക്ക് അനുമതി നൽകണമെന്ന് പരാമർശം ഒന്ന് പ്രകാരം പഞ്ചായത്ത്ഡയറക്ടർ ശുപാർശ സമർപ്പിക്കുകയുംചെയ്തിട്ടുണ്ട്

2/

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിലകുറഞ്ഞതിന്റെ കാരണം രേഖപ്പെടുത്തി, സർക്കാർ നഷ്ടം പരമാവധി കുറച്ച് മുറിച്ചുമാറ്റുന്ന ഓരോ മരത്തിനും പകരം മൂന്ന് മരങ്ങൾ എന്ന നിരക്കിൽ നട്ടു പിടിപ്പിച്ച് ആയതു പരിപാലിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ നിറുത്തിക്കൊണ്ടും മുക്കന്നൂർ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ പുതംകുറ്റി എസ്സ്. സി. കോളനിയിൽ ഓഡിറ്റോറിയം നിർമ്മാണം ആരംഭിക്കുന്നതിനായി കോളനിയ്ക്കകത്ത് നിൽക്കുന്ന എഴ് മരങ്ങൾ വാല്യൂവേഷൻ തുകയിലും കുറഞ്ഞ തുകയായ 15500/- രൂപയ്ക്ക് ലേലം സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

ബി. മുരളീധരൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി മുക്കന്നൂർ ഗ്രാമപഞ്ചായത്ത് , എറണാകുളം

പ്രിൻസിപ്പൽ എ.ജി (എൽ.ബി.എ.&എ) കേരളാ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം

ഇൻഫർമേഷൻ കേരളാ മിഷൻ - വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ